Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

12.10.2016

All Kerala Press Release

# സഭയുടെ കണ്ണ് ദരിദ്രരിൽ പതിയണം

കൊച്ചി: കെസിബിസി വിമൻസ് കമ്മീഷന്റെ ദ്വിദിന നേതൃസംഗമം ഒക്ടോബർ 11,12 തീയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽനടന്നു. ഇന്ന് കുടുംബങ്ങളിലുണ്ടാകുന്ന അസ്വസ്ഥതകളുടെ കാരണം, സാമ്പത്തികം എന്നതിനെക്കാൾ ആത്മീയതയുടെ കുറവാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് പറയുകയുണ്ടായി. സഭയുടെ കണ്ണ് ദരിദ്രരിൽ കൂടുതലായി പതിയേണ്ടതുണ്ടെന്ന് പിതാവ് ഊന്നിപറഞ്ഞു. വനിതാകമ്മീഷൻ സെക്രട്ടറി ശ്രീമതി ഡെൽസി ലൂക്കാച്ചൻ അധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യപിതാവ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യപ്രഭാഷണം നടത്തി. ദളിതർ, വിധവകൾ, ഏകസ്തർ, വിവാഹമോചനം നേടിയവർ, യുവദമ്പതികൾ എന്നിവരുടെ പ്രശ്നങ്ങളിലേക്ക് വിമൻസ് കമ്മഷന്റെ ശ്രദ്ധ അടിയന്തിരമായി പതിപ്പിക്കേണ്ടതാണെന്ന് പിതാവ് ചൂണ്ടിക്കാട്ടി. ഫാ. ചെറിയാൻ മായിക്കൽ, ഫാ. തോമസ് പതയ്ക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. വിൽസൺ എലുവത്തിങ്കൽ, ഡോ. ജിബി ഗീവർഗീസ്, ശ്രീമതി ആനി ജോസഫ്, ശ്രീമതി അൽഫോൻസാ എന്നിവർ പ്രസംഗിച്ചു. പരിഷ്ക്കരിച്ച ഡയറക്ടറിയുടെ പ്രകാശനകർമ്മം ഫാ. ജോർജ് കുരുക്കൂർ, ശ്രീമതി സിൻസി പാറയിലിനു നല്കികൊണ്ട് നിർവഹിച്ചു. കമ്മീഷന്റെ പുതിയ കർമപദ്ധതികളായ വിധവാക്ഷേമ പദ്ധതി "ആശ്വാസ്" "ഹരിത കേരളപദ്ധതി" എന്നിവ യോഗത്തിൽ അവതരിപ്പിച്ചു. സ്ത്രീ - കരുണയുടെ മുഖം എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി ഡെയ്സി മാത്യു ക്ലാസ് നയിച്ചു.

സ്ത്രീകൾ പ്രവർത്തനമണ്ഡലങ്ങൾ വിപുലപ്പെടുത്തണമെന്നും, കാരുണ്യം ഹൃദയത്തിൽ നിറഞ്ഞവരായി മറ്റുള്ളവർക്കു കാരുണ്യം ചൊരിയുന്നവരായി തീരണമെന്നും സമാപനസമ്മേളന സന്ദേശത്തിൽ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് പറഞ്ഞു.

**ശ്രീമതി ഡെൽസി ലൂക്കാച്ചൻ**
വനിതാകമ്മീഷൻ സെക്രട്ടറി

ഫോട്ടോ മാറ്റർ: കെസിബിസി വിമൻസ് കമ്മീഷന്റെ ദ്വിദിന നേതൃസംഗമം പി.ഒ.സിയിൽ ശ്രീമതി സിൻസി പാറയിലും ശ്രീമതി ഡെൽസി ലൂക്കാച്ചനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജിബി ഗീവർഗീസ്, ശ്രീമതി ആനി ജോസഫ്, ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ബിഷപ് ഡോ. ജോസഫ് മാർ തോമസ്, ഫാ. ചെറിയാൻ മായിക്കൽ, ശ്രീമതി അൽഫോൻസാ, ഫാ. വിൽസൺ എലുവത്തിങ്കൽ എന്നിവർ സമീപം